**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2570** **02-08-2021 - ൽ മറുപടിയ്ക്ക്**

**വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂൾ മാനേജരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ തളിപ്പറമ്പ് നോർത്ത് എ.ഇ.ഒ. ക്ക് കീഴിൽ വരുന്ന വെള്ളക്കാട് എം.എ.എം. എൽ.പി. സ്കൂളിന്റെ മാനേജരെ നിശ്ചയിച്ചിട്ടുണ്ടോ; | (എ) | ഇല്ല. ഈ സ്കൂളിന്റെ മാനേജരായി ശ്രീ. എ. പി. അബ്ദുൾ സത്താറിനെ ഭരണസമിതി യോഗം തിരഞ്ഞെടുത്തിട്ടുണ്ട്. എന്നാൽ ആയത് തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസർ അംഗീകരിച്ചിട്ടില്ല. |
| (ബി) | ജനറൽബോഡി യോഗം മാനേജരായി തെരഞ്ഞെടുത്ത ശ്രീ. എ. പി. അബ്ദുൾസത്താർ മാനേജർ നിയമനത്തിന്റെ അംഗീകാരത്തിനായി അപേക്ഷ നൽകിയിട്ടുണ്ടോ; അതിന്റെ തുടർ നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ; | (ബി) | തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു എങ്കിലും ആയത് നിരസിച്ചിരുന്നു. |
| (സി) | പ്രസ്തുത നിയമന അംഗീകാര അപേക്ഷ എ.ഇ.ഒ. നിരസിച്ചത് എന്ത് കാരണത്താലാണെന്നറിയിക്കാമോ; | (സി) | സ്കൂളിന്റെ ഭരണസമിതി യോഗം നിയമിച്ച-താണെന്ന് അവകാശവാദം ഉന്നയിച്ച് രണ്ട് പേർ മാനേജർ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചതിനാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ഈ അപേക്ഷ നിരസിച്ചു. |
| (ഡി) | ആയതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ നൽകിയിട്ടുണ്ടോ; അതിന്മേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത്; വിശദമാക്കാമോ? | (ഡി) | മാനേജർ നിയമനാംഗീകാരത്തിനുള്ള അപേക്ഷ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ സമർപ്പി-ച്ചിട്ടുണ്ട്. ആയത് വിശദമായ റിപ്പോർട്ടിനായി തളിപ്പറമ്പ് നോർത്ത് ഉപജില്ലാവിദ്യാഭ്യാസ ഓഫീസിലേക്ക് പൊതുവിദ്യാഭ്യാസ ഡയറക്ട-റേറ്റിൽ നിന്നും അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ